# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1328

03.12.15 ൽ - മറുപടിക്ക്

## റേഷൻ കാർഡ് പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | റേഷൻ കാർഡ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ; | (എ) | റേഷൻകാർഡ് പുതുക്കുന്നതിന്റെ ഭാഗമായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുക്കുകയും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും ഡാറ്റാ എൻട്രി യിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടു ത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകിയും ഡേറ്റാകളുടെ കൃത്യത ഉറപ്പ് വരുത്തുന്ന നടപടി പുരോഗമിക്കുന്നു |
| (ബി) | റേഷൻ കാർഡ് പുതുക്കുന്നതിൽ വന്നിട്ടുള്ള അപാകതകൾ തിരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) | ഡാറ്റാ എൻട്രി നടത്തിയതിന്റെ കൃത്യത ഉപഭോക്താക്കൾക്ക് പരിശോധിക്കാനായി ഫോറങ്ങൾ ഓൺലൈനായി പ്രസിദ്ധ പ്പെടുത്തിയും പ്രിന്റുകൾ റേഷൻകടകൾ വഴി നൽകിയും കാർഡുടമകൾക്ക് കാണുവാനുള്ള അവസരം നൽകുന്നു. |
| (സി) | റേഷൻകാർഡ് പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് എന്നാണ്; പുതിയ റേഷൻകാർഡുകൾ എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയും ? | | 01.01.15-ന് ആണ് ആരംഭിച്ചത്. മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31.03.2016-ന് അകം വിതരണം ചെയ്യുന്നതാണ്. പുതിയ കാർഡ് ലഭ്യമാവുന്നതു വരെ പഴയ കാർഡ് ഉപയോഗിക്കാവുന്നതാണ്. |

Thulasi

സെക്ഷൻ ഓഫീസർ